Quantum

Quantum Equipment Co. Ltd.

| | | | |
|---|---|---|---|
| **Publication** | Metro Vartha | **Language** | Malyalam |
| **News** | Karatmeter ORA Super Gold Alloy Analyzer | **Date** | 8th August 2012 |
| **Edition** | Kochi | **Page No.** | 11 |

# ക്വാണ്ടം എക്യുപ്മെന്റ് പുതിയ കാരറ്റ് മീറ്റർ വിപണിയിലെത്തിക്കുന്നു

**കൊച്ചി**

ജ്യൂവലറി മേഖലയ്ക്ക് വേണ്ടി എക്സ്.ആർ.എഫിനും ലേസർ ടെക്നോളജിക്കും വഴിയൊരുക്കിയ ക്വാണ്ടം എക്യുപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ്, ശാസ്ത്ര രംഗത്ത് ദശകങ്ങളുടെ പാരമ്പര്യമുള്ളതും ആഗോള രംഗത്തെ പ്രമുഖരുമായ ബ്രൂക്കർ നാനോ ജർമിനിയുമായി ചേർന്ന് കേരളത്തിൽ സിലിക്കൺ ഡ്രിഫ്റ്റ് ഡിടെക്റ്ററിനോടൊപ്പം കാരറ്റ് മീറ്റർ ഒആർഎ സൂപ്പർ ഗോൾഡ് അലോയ് അനലൈസർ വിപണിയിൽ അവതരിപ്പിക്കുന്നു. ശാസ്ത്രീയ ഉപകരണങ്ങളുടെ വിപണന രംഗത്ത് 50 വർഷത്തെ പ്രവൃത്തി പരിചയമുള്ള കമ്പനിയാണ് ബ്രൂക്കർ നാനോ ജർമ്മനി. ഇവരുടെ ഏറ്റവും പുതിയ എസ്ഡിഡി ഡിക്ടെക്റ്റർ ഐഎസ്ഒ അംഗീകാരമുള്ളതും 121 ഇവി വരെ നിർണയിക്കപ്പെട്ടിട്ടുള്ളതുമായ ഏക ഡിക്ടെക്റ്ററാണ്. കേരളത്തിലെ ആഭരണ വിപണന രംഗത്ത് ഇപ്പോഴുള്ള ആവശ്യകതയ്ക്ക് ഏറെ പരിഗണന നൽകിക്കൊണ്ടാണ് കാരറ്റ് മീറ്റർ ഒആർഎ സൂപ്പർ ഡിസൈൻ ചെയ്തിരിക്കുന്നത്.

സ്വർണം, വെള്ളി, പ്ലാറ്റിനം എന്നീ ലോഹങ്ങളും വിലയേറിയ മറ്റ് ലോഹങ്ങളും വളരെ വേഗത്തിലും കൃത്യതയോട് കൂടിയും എളുപ്പത്തിൽ വിശകലനം ചെയ്യാനുതകുന്ന തരത്തിലാണ് യൂണിറ്റിന്റെ നിർമാണം. വർഷങ്ങളായി സ്വർണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങളുടെയും മറ്റും ഗുണമേന്മ വളരെ വേഗത്തിലും കൃത്യതയോട് കൂടിയും പരിശോധിക്കുന്നതിനായി അംഗീകരിക്കപ്പെട്ട അളവുകോലാണ് കാരറ്റ് മീറ്റർ.

ക്വാണ്ടം ആഭരണ വിപണിയിലെ ഉൽപ്പന്നങ്ങളുടെ ശ്രേണിയിൽ കൊണ്ടുവന്നിരിക്കുന്ന മാറ്റങ്ങൾ ഓഗസ്റ്റ് 23 മുതൽ 27 വരെ മുംബൈയിലെ ബോംബെ എക്സിബിഷൻ സെന്ററിൽ നടക്കുന്ന ഐഐജെഎസ് 2012 ജ്യൂവലറി ഷോയിൽ അവതരിപ്പിക്കും. വിവരങ്ങൾക്ക് 91-22 - 25005011 എന്ന ഫോൺ നമ്പറിലോ വെബ്സൈറ്റിലോ ഇ-മെയിലിലോ ലഭ്യമാണ്.